പമ്പാ ആക്ഷൻ പ്ലാനിന്റെ ആദ്യഘട്ട പൂർത്തീകരണം

63 (T2341) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. മുരളി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ നദിയുടെ ശുചീകരണം സംബന്ധിച്ച് പമ്പാ ആക്ഷൻ പ്ലാനിന്റെ ആദ്യഘട്ടത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത ഘട്ടം പണി പൂർത്തിയാക്കുന്നതിന് എന്തുതുക വേണ്ടി വരുമെന്ന് പറയാമോ ;

(സി) ഈ പണിക്ക് കേന്ദ്ര സർക്കാരിന്റെ വിഹിതം അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഇത് എത്രകാലത്തിനുള്ളിലാണ് ചെലവഴിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2-5-2003-ൽ

(ബി) ആക്ഷൻ പ്ലാനിൽ ആദ്യഘട്ടത്തിന് 169.26 കോടി രൂപ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആകെ 18.45 കോടി രൂപയുടെ കേന്ദ്രാനുമതിയാണ് ഈ പദ്ധതിക്കായി ലഭിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) 2003-04 മുതൽ 2006-07 കാലയളവിനുള്ളിൽ ചെലവഴിക്കണം.

പമ്പാനദി ശുദ്ധീകരണത്തിനുള്ള ആക്ഷൻപ്ലാൻ പദ്ധതിയുടെ മോണിറ്ററിംഗ് സംവിധാനം

64 (T2342) ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാനദിയുടെ ശുദ്ധീകരണം സംബന്ധിച്ച ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കേണ്ടത് ഏതു ഏജൻസിയാണ് ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ ആയതിന് അന്തിമ രൂപം നല്കിയോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly